## പതിനാലാം കേരളനിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1120 12.07.2016-ൽ മറുപടിയ്ക്ക്.

### ലോകബാങ്ക് ധനസഹായം ലഭിക്കേണ്ട ഇടുക്കി ജില്ലയിലെ പഞ്ചായത്തുകൾ

| ചോദ്യം<br>ശ്രീ. എം.എം.മണി | | മറുപടി<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇടുക്കി ജില്ലയിലെ ഉടുമ്പൻ ചോല ഗ്രാമപഞ്ചായത്തിനെ ലോകബാങ്ക് ധനസഹായം ലഭിക്കേണ്ട പഞ്ചായത്തുകളുടെ പട്ടികയിൽ നിന്നും കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒഴിവാക്കിയതുമായി ബന്ധപ്പെട്ട് പഞ്ചായത്ത് പരാതിപ്പെട്ടിരുന്നോ; ഈ വിഷയം പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (എ) | പരാതി ലഭിച്ചിട്ടുണ്ട്; പരിശോധിച്ച് വരികയാണ്. |
| (ബി) | ഇടുക്കി ജില്ലയിലെ ഏതൊക്കെ പഞ്ചായത്തുകളെയാണ്കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത പട്ടികയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്; വിശദാംശം നൽകാമോ; | (ബി) | വേൾഡ് ബാങ്ക് ധനസഹായം ലഭിക്കേണ്ട പഞ്ചായത്തുകളുടെ പ്രാഥമിക പട്ടികയിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് ഉൾപ്പെടെ ഏഴ് ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നു. തുടർന്ന് മറ്റ് ഗ്രാമപഞ്ചായത്തുകളുടെ പരാതി പരിഗണിക്കുകയും സ്ഥിതി വിവരക്കണക്കുകൾ ഒത്തുനോക്കുകയും ചെയ്തപ്പോൾ പ്രാഥമിക പട്ടികയിൽ ഉൾപ്പെട്ട പഞ്ചായത്തുകളെക്കാൾ അർഹതപ്പെട്ട മറ്റ് ഏഴ് ഗ്രാമപഞ്ചായത്തുകൾ ഉള്ളതായി ബോധ്യപ്പെടുകയും അവയെ 40 പിന്നോക്ക ഗ്രാമപഞ്ചായത്തുകളുടെ പട്ടികയിൽ ഉൾപ്പെടുത്തുകയും ചെയ്തു. ഈ പഞ്ചായത്തുകളെ പട്ടികയിൽ ഉൾപ്പെടുത്തിയ സാഹചര്യത്തിൽ ഇടുക്കി ജില്ലയിലെ ഉടുമ്പൻചോല ഗ്രാമപഞ്ചായത്ത് പ്രാഥമിക പട്ടികയിൽ നിന്നും പുറന്തള്ളപ്പെടുകയുണ്ടായി. |

സെക്ഷൻ ഓഫീസർ.